(ഡി) താമസിക്കാതെ പണി ആരംഭിക്കുവാനുള്ള നടപടി എടുത്തു വരുന്നു.

മോസ്കോ യുവജനമേള

25 [52] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മോസ്കോ യുവജനമേളയിൽ കേരളത്തിൽനിന്നും ആരെല്ലാമാണ് പങ്കെടുത്തത്;

(ബി) അവർ ഏതെല്ലാം സംഘടനകളെയാണ് പ്രതിനിധീകരിച്ചത്;

(സി) ഏതു മാനദണ്ഡമനുസരിച്ചാണ് തിരഞ്ഞെടുപ്പ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) മോസ്കോ യുവജനമേളയ്ക്ക് ഗവൺമെന്റിൽ നിന്ന് ആരെയും തിരഞ്ഞെടുത്ത് അയച്ചിട്ടില്ല. അതുകൊണ്ട് അതേക്കുറിച്ചുള്ള വിശദവിവരങ്ങൾ ഗവൺമെന്റിൽ ലഭ്യമല്ല.

ദേശീയപതാക ഉയർത്താത്ത സംസ്ഥാനത്തെ സർക്കാർ ആഫീസുകൾ

26 [53] ശ്രീ. ലോനപ്പൻനമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഇൻഡ്യൻ സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാക ഉയർത്താത്ത സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഏതെങ്കിലുമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം;

(സി) ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) സ്വാതന്ത്ര്യദിനത്തിൽ ഏതെങ്കിലും സർക്കാരാഫീസിൽ ദേശീയപതാക ഉയർത്താതിരുന്നതായി ഗവൺമെന്റിന് അറിവില്ല.

പത്രപ്രവർത്തകർക്കുവേണ്ടിയുള്ള പെൻഷൻ പദ്ധതി

27 [55] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കുവേണ്ടി ഒരു പെൻഷൻ പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ മേശപ്പുറത്തു വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly